12. റോഡ് സുരക്ഷാ കമ്മീഷണർ, അദ്ദേഹം അതോറിറ്റിയുടെ മുഖ്യകാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതാണ്;

13. പോലീസ് ഡയറക്ടർ ജനറൽ ;

14. ആരോഗ്യ വകുപ്പ് ഡയറക്ടർ ;

15. പോലീസ് ഇൻസ്പെക്ടർ ജനറൽ (ട്രാഫിക്) ;

16. ചീഫ് എൻജിനീയർ (റോഡുകളും പാലങ്ങളും) ;

17. ചീഫ് എൻജിനീയർ (നാഷണൽ ഹൈവേകൾ) ;

18. നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ ഡയറക്ടർ ;

19. സെക്രട്ടറി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി ;

20. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, റോഡ് സുരക്ഷാ രംഗത്ത് വിദഗ്ദ്ധരായ മൂന്നു പേർ.

ഗതാഗത നിയമങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്താൻ നടപടി

238 (4027) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സാജു പോൾ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗതാഗത നിയമങ്ങൾ പാലിക്കപ്പെടുന്നു എന്നുറപ്പാക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ;

(ബി) വാഹനങ്ങളിൽ മാനദണ്ഡ പ്രകാരമില്ലാത്ത ഹോൺ, ലൈറ്റ്, ബോർഡുകൾ മുതലായവ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ നിയന്ത്രിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കുമോ ;

(സി) സുഗമമായ ഗതാഗതത്തിന് തടസ്സമാകുന്ന ആർച്ചുകൾ, ബോർഡുകൾ മുതലായവ റോഡുകളിൽ നിന്നും നീക്കം ചെയ്യാനും, തുടർന്ന് സ്ഥാപിക്കാതിരിക്കാനും നടപടി സ്വീകരിക്കുമോ ;

(ഡി) ക്രെയിനുകൾ, മണ്ണുനീക്കൽ യന്ത്രങ്ങൾ, കണ്ടെയ്നറുകൾ മുതലായവ തിരക്കേറിയ സമയങ്ങളിൽ റോഡിൽ പ്രവേശിക്കാതിരിക്കുവാൻ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗതാഗത നിയമങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുവാൻ നിരന്തരം വാഹന പരിശോധന നടത്തുന്നുണ്ട്. ഇതിനായി പ്രത്യേകം മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

രാത്രി കാലങ്ങളിലും വാഹന പരിശോധന സംഘടിപ്പിക്കാറുണ്ട്. ഓഫീസ് തലങ്ങളിൽ നടന്നുവരുന്ന പരിശോധനകൾക്ക് പുറമെ സംസ്ഥാനത്ത് ആകമാനമുള്ള മോട്ടോർ വാഹന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക വിഷയങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വരുന്ന വാഹനങ്ങൾ ചെക്ക് പോസ്റ്റുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ നാലു മേഖലകളിലായി ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഇന്റർ സെപ്റ്റർ വാഹനം ഉപയോഗിച്ച് ഫ്ളയിംഗ് സ്കാഡ് ചെക്കിംഗുകളും നടത്തിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്നതല്ലാത്ത രീതിയിലുള്ള ഹോണുകൾ, ലൈറ്റ്, ബോർഡ് തുടങ്ങിയവ ഉപയോഗിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഓഫീസുകളിൽ നിരന്തരം നടക്കുന്ന ചെക്കിംഗ് പരിപാടികളിൽ ലൈറ്റ്, ഹോൺ എന്നിവയ്ക്ക് പ്രത്യേകം പ്രാധാന്യം നൽകാറുണ്ട്. ഇവ കൂടാതെ വാഹനം രജിസ്റ്റർ ചെയ്യുന്ന സമയത്തും, വർഷംതോറും ഫിറ്റ്നസ് ടെസ്റ്റിന് വരുമ്പോഴും അനധികൃതമായ ഹോൺ, ലൈറ്റ്, ബോർഡ് തുടങ്ങിയവ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(സി) ഇവ നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കണ്ടെയ്നറുകൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ രാവിലെ 8.30 മുതൽ 11 വരെയും വൈകുന്നേരം 3.30 മുതൽ 7 മണി വരെയും പ്രവേശിക്കുന്നത് പരീക്ഷണാടിസ്ഥാനത്തിൽ തടയുവാൻ റോഡ് സേഫ്റ്റി അതോറിറ്റി തീരുമാനിച്ച് നടപ്പിലാക്കിവരുന്നു.

അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് സംവരണ മാനദണ്ഡം

239 (4028) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് ഭരണഘടനാ പ്രകാരമുള്ള സംവരണ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ, തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് പ്രസ്തുത സംവരണ മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ, സർക്കാർ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly